വാണിജ്യ നികുതി പരിശോധനയ്ക്ക് സ്കാനിംഗ് മെഷീനുകൾ

27 (*627) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യനികുതി പരിശോധനാകേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ചരക്കുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പ്രസ്തുത നടപടി എത്രമാത്രം സഹായകരമാകും എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ചെക്ക്പോസ്റ്റ് നവീകരണത്തിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിൽ മൊബൈൽ വെഹിക്കിൾ സ്കാനർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തുന്നതിനായി 13-3-2014-ലെ ജി.ഒ. (ആർറ്റി.)നമ്പർ 208/2014/നി.വ. ഉത്തരവുപ്രകാരം നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും, രജിസ്ട്രാർ, ഗുജറാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, എക്സൈസ് കമ്മീഷണർ, മോട്ടോർ വെഹിക്കിൾസ് കമ്മീഷണർ, കൂടാതെ ടി മൂന്ന് വകുപ്പദ്ധ്യക്ഷന്മാർ നിർദ്ദേശം ചെയ്യപ്പെടുന്ന പ്രസ്തുത വകുപ്പുകളുടെ കമ്പ്യൂട്ടർ വിഭാഗത്തിന്റെ ചുമതലയുള്ള ഓരോ സീനിയർ ഉദ്യോഗസ്ഥന്മാരും മെമ്പർമാരായുള്ള 8 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി-ഡി) സമിതിയുടെ പഠനറിപ്പോർട്ട് ലഭ്യമായതിനുശേഷമേ ഇക്കാര്യം വ്യക്തമാക്കാനാവൂ.

ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

28 (*628) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly